പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1210 — 30.09.2016 ൽ മറുപടിക്ക്

## റോഡപകടങ്ങളുടെ കാരണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി.സി. ജോർജ്ജ് | ശ്രീ. എ. കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |
| (എ) രാജ്യത്ത് റോഡപകടം ഏറ്റവും കൂടുതൽ നടക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നാമതായി നിൽക്കുന്നത് കേരളമാണെന്നത് വിലയിരുത്തിയിട്ടുണ്ടോ; | (എ) 2015 ലെ കണക്കനുസരിച്ച് റോഡപകടങ്ങളിൽ സംസ്ഥാനത്തിന് 5-ാം സ്ഥാനമാണുള്ളത്. |
| (ബി) മാസത്തിൽ ചെറുതും വലുതുമായി 4500-നും 5000-നുമിടയ്ക്ക് റോഡപകടം കേരളത്തിൽ നടക്കുന്നുവെന്ന വസ്തുത മനസ്സിലാക്കിയിട്ടുണ്ടോ; | (ബി) എസ്.സി.ആർ.ബി യുടെ കണക്കുകൾ പ്രകാരം 2016 ആഗസ്റ്റ് മാസം വരെ ശരാശരി ഓരോ മാസവും 3319 അപകടങ്ങൾ ഉണ്ടായിട്ടുണ്ട്. |
| (സി) എങ്കിൽ ഇതിനെതിരെ എന്തെല്ലാം കാര്യങ്ങൾ ചെയ്യുവാൻ കഴിയുമെന്ന് വിശദമാക്കുമോ; | (സി) അമിത വേഗത റോഡപകടങ്ങൾ സൃഷ്ടിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നുവെന്ന് മനസ്സിലാക്കിക്കൊണ്ട് അമിത വേഗത നിയന്ത്രിക്കുന്നതിനായി സ്റ്റേജ് കാരേജുകളിലും,ഹെവി വാഹനങ്ങളിലും, സ്കൂൾ വാഹനങ്ങളിലും ടിപ്പർ വാഹനങ്ങളിലും സ്പീഡ് ഗവർണ്ണർ നിർബന്ധമാക്കിയിട്ടുണ്ട്. സ്പീഡ് ട്രേസറുകൾ, മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് എന്നിവ ഉപയോഗിച്ചുള്ള വാഹന പരിശോധനകളിലും, ഓഫീസ് തലങ്ങളിൽ നടത്തുന്ന ചെക്കിംഗുകളിലും അമിത വേഗതയിലോടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. പരിശീലന പരിപാടികളിൽ അമിത വേഗതയ്ക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. മദ്യപിച്ചും, അശ്രദ്ധമായും വാഹനം |

ഉപയോഗിയ്ക്കുന്നവരുടെ ലൈസൻസ് കണ്ടുകെട്ടുക, സസ്പെൻഷൻ, പിഴ ഈടാക്കൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചു വരുന്നു. വാഹനാപകടങ്ങളുടെ സാന്ദ്രത കൂടിയ ബ്ലാക്ക് സ്പോട്ടുകൾ കുറയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

(ഡി) കേരളത്തിലെ നിരത്തുകളിൽ ഏറ്റവും കൂടുതൽ അപകടം സംഭവിക്കുന്നത് ഇരുചക്രവാഹനങ്ങൾക്കാണെന്നത് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) ഉണ്ട്.

(ഇ) വാഹന അപകടങ്ങൾക്ക് മുഖ്യമായും കാരണമാകുന്നത് മോശമായ റോഡുകളും,റോഡിലെ കുഴികളും, ഡ്രൈവറുടെ അശ്രദ്ധ, റോഡിന്റെ വീതി കുറവ്, സിഗ്നലുകളുടെ അഭാവം, ട്രാഫിക് നിയമങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണകുറവ്,റോഡിന്റെ ഇരുവശങ്ങളിലായി സ്ഥാപിച്ചിരിക്കുന്ന പരസ്യ ബോർഡുകൾ, ഇലക്ട്രിക് പോസ്റ്റുകൾ മുതലായവ ആയിരിക്കെ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

(ഇ) അമിതവേഗതയാണ് റോഡപകടങ്ങൾ ഉണ്ടാകുന്നതിനുള്ള പ്രധാന കാരണം. അമിതവേഗത നിയന്ത്രിക്കുന്നതിനായി സ്റ്റേജ് കാര്യേജുകളിലും, ഹെവി വാഹനങ്ങളിലും, സ്കൂൾ വാഹനങ്ങളിലും ടിപ്പർ വാഹനങ്ങളിലും സ്പീഡ് ഗവർണ്ണർ നിർബന്ധമാക്കിയിട്ടുണ്ട്. സ്പീഡ് ട്രേസറുകൾ, മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് എന്നിവ ഉപയോഗിച്ചുള്ള വാഹന പരിശോധനകളിലും, ഓഫീസ് തലങ്ങളിൽ നടത്തുന്ന ചെക്കിംഗുകളിലും അമിത വേഗതയിലോടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. പരിശീലന പരിപാടികളിൽ അമിതവേഗതക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. മദ്യപിച്ചും, അശ്രദ്ധമായും വാഹനം ഉപയോഗിയ്ക്കുന്നവരുടെ ലൈസൻസ് കണ്ടുകെട്ടുക, സസ്പെൻഷൻ, പിഴ ഈടാക്കൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചു വരുന്നു.

ഇതു കൂടാതെ റോഡിന്റെ ശോച്യാവസ്ഥയും സിഗ്നലുകളുടെ അഭാവവും

റോഡിന്റെ വശങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകളും റോഡിനോട് ചേർന്ന് നില്ക്കുന്ന ഇലക്ട്രിക് പോസ്റ്റുകളും ഒക്കെ അപകടങ്ങൾക്ക് കാരണമാകുന്നുണ്ട്. അവ പരിഹരിക്കുന്നതിന് വിവിധ സർക്കാർ വകുപ്പുകളും ഏജൻസികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമാണ് ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടത്. ഇക്കാര്യത്തിൽ പ്രായോഗികമായി സ്വീകരിക്കാൻ കഴിയുന്ന നടപടികൾ എടുക്കാൻ റോഡ് സേഫ്റ്റി കമ്മീഷണർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ